റിയും 1999-2000 വർഷത്തിൽ കിട്ടിയിടത്തോളം കണക്ക് അനുസരിച്ച് 3.59 ലക്ഷം ടൺ പച്ചക്കറിയും അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി വളരെ വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ ബയോടെക്നോളജി പ്രയോജനപ്പെടുത്തുന്നകാര്യം പരിഗണിക്കാവുന്നതാണ്.

ചോദ്യം (365), (366)- ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

മണ്ഡരി രോഗനിവാരണത്തിന് നടപടി

(369) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

തെങ്ങുകളെ ബാധിക്കുന്ന മണ്ഡരി രോഗത്തിനെതിരെ 'പത്തോജൻ ഫംഗസ്' മറുകീടമായി ഉപയോഗിക്കണമെന്ന ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ, എ.പി.സി. എന്നിവർ ആസൂത്രണ കമ്മിഷൻ അംഗം ശ്രീ. സോംപാലുമായി ചർച്ച നടത്തിയിരുന്നു. ഈ കാര്യം ഗവൺമെന്റിന്റെ സത്വര പരിഗണനയിലുണ്ട്.

പച്ചക്കറി ഉൽപ്പാദനവും വിപണനവും

(370) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കർഷകരിൽനിന്നും പച്ചക്കറി സംഭരിക്കുവാൻ കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) പച്ചക്കറി വിൽപ്പനയ്ക്ക് കൃഷി വകുപ്പ് ഇപ്പോൾ സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങളിൽ വിൽപ്പനസ്റ്റോറുകൾ നടത്തുന്നു;

(ഡി) വിൽപ്പനകേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

ഉത്തരം

(എ) സംസ്ഥാനത്ത് 1997 മുതൽ നടപ്പാക്കിവരുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ പൂർത്തിയായപ്പോൾ 600 കോടി രൂപ വിലമതിക്കുന്ന 5.95ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു. പദ്ധതി ഇപ്പോൾ മൂന്നാം ഘട്ടത്തിലാണ്. ഈ ഘട്ടത്തിൽ ഇതുവരെ 3.95 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിച്ചുകഴിഞ്ഞു. 70,000 ത്തോളം കർഷകർക്ക് പ്രയോജനം ലഭിച്ചു. മൂന്നു ഘട്ടങ്ങളിലായി 62.56 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

(ബി) ഹരിത സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഹോർട്ടികൾച്ചർ കോർപ്പറേഷൻ വഴി സംഭരിക്കുന്നു. ഇതുകൂടാതെ ഓരോ

LIBRARY ARCHIVES Kerala Legislative Assembly